YEARS OF CELEBRATING THE MAHATMA

## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നമ്പർ. 1702/AD A1/3/AD A1/AD A 1 തീയതി: 23.01.2020

### <u>സർക്കുലർ</u>

വിഷയം:- ദേശീയ ദിനാഘോഷങ്ങൾ - റിപ്പബ്ലിക് ദിനാഘോഷം 2020 - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിൻറെ 05.11.2015-ലെ 54814/പോൾ-5/2015/പൊ.ഭ.വ. നമ്പർ സർക്കുലർ.

------

റിപ്പബ്ലിക് ദിനാഘോഷങ്ങൾ രാജ്യവ്യാപകമായി എല്ലാ വർഷവും സമുചിതമായും, ആകർഷകവുമായും, സർക്കാർ തലത്തിലും, ആഘോഷിച്ചുവരുന്നു. ഈ വർഷത്തെ റിപ്പബ്ലിക് ദിനാഘോഷങ്ങൾ 26.01.2020 (ഞായറാഴ്ച) രാവിലെ 9.00 മുതൽ സർവ്വകലാശാല ഭരണവിഭാഗം മന്ദിരത്തിൻറെ അങ്കണത്തിൽ വെച്ച് നടത്തപ്പെടുന്നു. പ്രസ്തുത റിപ്പബ്ലിക് ദിനാഘോഷ പരിപാടികളിൽ എല്ലാ സർവ്വകലാശാല ജീവനക്കാരും പങ്കെടുക്കേണ്ടതാണ്.

ഔദ്യോഗിക തലത്തിൽ സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യ/റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ സർവ്വകലാശാല ജീവനക്കാർ ഉൾപ്പടെ എല്ലാ സർക്കാർ ജീവനക്കാരും പങ്കെടുക്കേണ്ടതാണെന്നും, വകുപ്പുതലവന്മാരും ഓഫീസ് മേധാവികളും ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതാണെന്നും WP(C) നമ്പർ 23497/2015 എന്ന കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിൻറെ അടിസ്ഥാനത്തിൽ സൂചന പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

അതിനാൽ, 26.01.2020 (ഞായറാഴ്ച) രാവിലെ 9.00 മുതൽ സർവ്വകലാശാലയിൽ നടക്കുന്ന ഈ വർഷത്തെ റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ എല്ലാ സർവ്വകലാശാല ജീവനക്കാരും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

ഒപ്പ്
**ഡോ .കെ. സാബുകുട്ടൻ**
രജിസ്ട്രാർ (i/c)

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ (ആവശ്യമായ ക്രമീകരണങ്ങൾക്കായി)
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
7. നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 1702/AD A1/3/2019/AD A 1 Approved by REGISTRAR (i/c) on 23-Jan-2020 12:39 PM - Page 1

Draft #2 of File 1702/AD A1/3/2019/AD A 1 Approved by REGISTRAR (I/c) on 23-Jan-2020 12:39 PM - Page 2

# റിപ്പബ്ലിക് ദിനാഘോഷം (ജനുവരി 26, 2020 )

**<u>സർവ്വകലാശാല ഭരണവിഭാഗ മന്ദിരത്തിനു മുന്നിൽ നടക്കുന്ന പതാക ഉയർത്തൽ ചടങ്ങ്</u>**

| | |
|---|---|
| 09.25 a.m. | ബഹു. വൈസ് ചാൻസലർ സെക്യൂരിറ്റി ഉദ്യോഗസ്ഥന്റെ അകമ്പടിയോടെ എത്തിച്ചേരുകയും പവലിയനിൽ ഇരിക്കുകയും ചെയ്യുന്നു. |
| 09.28 a.m. | പരേഡ് കമാൻഡർ സെക്യൂരിറ്റി ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുകയും സെക്യൂരിറ്റി ഓഫീസർ ബഹു. വൈസ് ചാൻസലർക്ക് റിപ്പോർട്ട് നൽകുകയും വൈസ് ചാൻസലറെ പതാക ഉയർത്തുന്നതിനായി ക്ഷണിക്കുകയും ചെയ്യുന്നു. ബഹു. വൈസ് ചാൻസലർ സെക്യൂരിറ്റി ഓഫീസറുടെ അകമ്പടിയോടെ പോഡിയത്തിലേക്ക് നടക്കുന്നു. |
| 09.30 a.m. | വൈസ് ചാൻസലർ പതാക ഉയർത്തുന്നു. ദേശീയഗാനം ആലപിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ദേശീയഗാനം ആലപിക്കുകയും ചെയ്യുന്നു. |
| 09.40 a.m. | സെക്യൂരിറ്റി ഓഫീസർ വൈസ് ചാൻസലറെ സുരക്ഷാ ഉദ്യോഗസ്ഥരുടെ പരേഡ് പരിശോധിക്കുന്നതിന് ക്ഷണിക്കുന്നു. വൈസ് ചാൻസലർ സെക്യൂരിറ്റി ഓഫീസറുടെ അകമ്പടിയോടെ സുരക്ഷാ ഉദ്യോഗസ്ഥരെ പരിശോധിക്കുകയും തിരികെ പവലിയനിലെത്തി സദസ്സിനെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. |
| 09.50 a.m. | പരേഡ് കമാൻഡർ സെക്യൂരിറ്റി ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുകയും സെക്യൂരിറ്റി ഓഫീസർ വൈസ് ചാൻസലറോട് പരേഡ് പിരിയുവാൻ അനുവാദം തേടുകയും പരേഡ് പിരിച്ചുവിടുകയും ചെയ്യുന്നു. |